# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 264   06.01.2014-ൽ മറുപടിയ്ക്ക്

### കെ. ടി. ജയകൃഷ്ണൻ വധക്കേസ് - സി.ബി.ഐ. അന്വേഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ് | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) കെ. ടി. ജയകൃഷ്ണൻ വധക്കേസ് പുനരന്വേഷണം നടത്താൻ സി. ബി. ഐ. യ്ക്ക് വിട്ടുകൊണ്ട് സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിനിടയായ സാഹചര്യം എന്തായിരുന്നു; | (എ) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയായ രജീഷിന്റെ മൊഴിയുടെ അടിസ്ഥാനത്തിലും ജയകൃഷ്ണൻ മാസ്റ്ററുടെ മാതാവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലുമാണ് പ്രസ്തുത കേസ് സി. ബി. ഐ. യ്ക്ക് കൈമാറാൻ തീരുമാനിച്ചത്. |
| ബി) പോലീസിന് ലഭിച്ച ഏതെങ്കിലും മൊഴിയുടെ പശ്ചാത്തലത്തിലാണോ ഇത്തരമൊരു തീരുമാനം എടുത്തിരുന്നത് ; പ്രസ്തുത മൊഴി പോലീസിന് ലഭിച്ചത് എപ്പോഴായിരുന്നു ; പ്രസ്തുത മൊഴി നല്കിയതായി പറയുന്ന വ്യക്തി പിന്നീട് കോടതിയിൽ ഇത് സംബന്ധമായി നല്കിയ വിവരം എന്തായിരുന്നു ; വിശദമാക്കാമോ ; | (ബി) ടി. പി. ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണ വേളയിൽ നാലാം പ്രതി ടി.കെ രജീഷിന്റെ കുറ്റസമ്മത മൊഴിയിൽ നിന്നുമാണ് ഈ കേസിന്മേൽ പുനരന്വേഷണം നടത്തേണ്ടതായി വന്നിട്ടുള്ളത്. ടി പ്രതി ഇതു സംബന്ധിച്ച് വിചാരണ കോടതിയിൽ നൽകിയ മൊഴി സർക്കാരിന് ലഭിച്ചിട്ടില്ല. |
| സി) മൊഴി നല്കിയതായി പറയുന്ന വ്യക്തി പിന്നീട് കോടതിയിൽ അക്കാര്യം നിഷേധിച്ചിരിക്കെ, ആ മൊഴിയുടെ അടിസ്ഥാനത്തിൽ സി. ബി. ഐ.- യോട് പുനരന്വേഷണം നടത്താൻ ആവശ്യപ്പെട്ടത് എന്തടിസ്ഥാനത്തിലായിരുന്നു ; | (സി) ടി. പി. ചന്ദ്രശേഖരൻ വധക്കേസിലെ പ്രതിയായ രജീഷിന്റെ മൊഴിയുടെ അടിസ്ഥാനത്തിലും ജയകൃഷ്ണൻ മാസ്റ്ററുടെ മാതാവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലുമാണ് പ്രസ്തുത കേസ് സി. ബി. ഐ. യ്ക്ക് കൈമാറാൻ തീരുമാനിച്ചത് മൊഴി നിഷേധിച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) സാങ്കേതികവും നിയമപരവുമായ ഉപദേശം നല്കിയവർ ആ വസ്തുത പരിഗണിച്ചിട്ടുണ്ടായിരുന്നുവോ ; വിശദമാക്കാമോ ; | (ഡി) നിയമോപദേശം നൽകിയവർ എല്ലാവശങ്ങളും സൂക്ഷ്മമായി പരിശോധിച്ചിരുന്നു. |
| ഇ) ഇക്കാര്യത്തിനു മുഖ്യമന്ത്രിയ്ക്ക് ലഭിച്ച സാങ്കേതിക ഉപദേശത്തിന്റെയും നിയമ ഉപദേശത്തിന്റെയും ഓരോ പകർപ്പുകൾ ലഭ്യമാക്കുമോ ? | (ഇ) സർക്കാരിന് വളരെ രഹസ്യ സ്വഭാവത്തോടെ നൽകിയ ഉപദേശങ്ങളുടെ പകർപ്പ് നൽകാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ.